# نصيحة الجمعة

## تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)


للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٤٩٥١٩٠٨٩٥


**തീയതി: 08/12/2017** **വിഷയം: “ഇത്തിബാഅ്”**

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ

ذُنُوبَكُمْ ۗ وَاللَّهُ غَفُورٌ رَّحِيمٌ ﴿آل عمران: ٣١﴾

➢ നല്ല മനുഷ്യൻ എന്നു പറഞ്ഞു കേൾക്കാനാണ് എല്ലാവർക്കും ഇഷ്ടം. നമ്മെക്കുറിച്ച് മറ്റുള്ളവരെല്ലാം അങ്ങനെ പറയണമെന്ന് നാം ആഗ്രഹിക്കുന്നു. ഇതിന് വിപരീതമായി പറഞ്ഞ് കേൾക്കാൻ ആരും ഇഷ്ടപ്പെടുന്നില്ല. അഥവാ പറഞ്ഞാൽ അവരോട് അനിഷ്ടം, ശത്രുത തോന്നും.

എങ്കിൽ ഒരാൾ നല്ല മനുഷ്യനാകാനുള്ള മാനദണ്ഡമെന്താണ്?

➢ നബി(സ)യുടെ സുന്നത്ത് അനുസരിച്ച് ജീവിക്കലും ജീവിക്കാതിരിക്കലുമാണ് നല്ല മനുഷ്യനും ചീത്ത മനുഷ്യനും നേർത്തിരിയുന്ന മാനദണ്ഡം.

وَاتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ ﴿أعراف:١٥٨﴾

وَمَن يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُّبِينًا ﴿أحزاب: ٣٦﴾

عن العرباض قال رسول الله (ص)تَرَكْتُكُمْ عَلَى المَحجّةِ الْبَيْضَاءِ ، لَيْلُهَا كَنَهَارِهَا لا يَزِيغُ عَنْهَا إِلاَّ هَالِكٌ (ابن ماجة)

(അവ്യക്തതയില്ലാത്ത തെളിഞ്ഞ ഒരു മാർഗ്ഗം നിങ്ങൾക്ക് തരുന്നു. അതിൽ നിന്നുള്ള വ്യതിചലനം നാശമാണ്.)

➢ ലക്ഷ്യം എത്ര നന്നായാലും ശരി നബിചര്യക്കെതിര് പ്രവർത്തിക്കൽ കടുത്ത തിന്മയാണ്.

ചരിത്രം: ഒരിക്കൽ മൂന്നുപേർ ആയിശ(റ)യുടെ വീട്ടിലെത്തി നബി(സ്വ) യുടെ ഇബാദത്തുകളെക്കുറിച്ച് ചോദിച്ചറിഞ്ഞു. തങ്ങളുടെ ഇബാദത്ത് വളരെ കുറവാണെന്ന് മനസ്സിലാക്കിയ അവർ ചില തീരുമാനങ്ങളെടുത്തു.

عنْ أَنَس بْن مَالِكٍ يَقُولُ جَاءَ ثَلَاثَةُ رَهْطٍ إِلَى بُيُوتِ أَزْوَاجِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ .... قَالَ أَحَدُهُمْ أَمَّا أَنَا فَإِنِّي أُصَلِّي اللَّيْلَ أَبَدًا وَقَالَ آخَرُ أَنَا أَصُومُ الدَّهْرَ وَلَا أُفْطِرُ وَقَالَ آخَرُ أَنَا أَعْتَزِلُ النِّسَاءَ فَلَا أَتَزَوَّجُ أَبَدًا

വിവരമറിഞ്ഞ നബി(സ്വ) അവരെ ശകാരിക്കുകയും അത് മതമല്ലെന്ന് പറയുകയും ചെയ്തു.

أَمَا وَاللَّهِ إِنِّي لَأَخْشَاكُمْ لِلَّهِ وَأَتْقَاكُمْ لَهُ لَكِنِّي أَصُومُ وَأُفْطِرُ وَأُصَلِّي وَأَرْقُدُ وَأَتَزَوَّجُ النِّسَاءَ فَمَنْ رَغِبَ عَنْ سُنَّتِي فَلَيْسَ مِنِّي (بخاري)

ഇവിടെ രണ്ട് കാര്യം വ്യക്തമായി.

(1) അവരുടെ ലക്ഷ്യവും ആഗ്രഹവും നല്ലതായിരുന്നു. അഥവാ ഇബാദത്ത് വർദ്ധിപ്പിച്ച് പരലോകമോക്ഷം നേടണം. എന്നിട്ടും നബി(സ്വ) അംഗീകരിച്ചില്ല.

(2) സുന്നത്തിനെതിരായ ഏതു കാര്യവും അസ്വീകാര്യമാണ്. നോമ്പ്, നിസ്ക്കാരം, തുടങ്ങി ഏത് കർമ്മവും നബിചര്യക്ക് വിരുദ്ധമായാൽ അത് ശരിയല്ല. അങ്ങനെ ഒരു ഇസ്ലാമില്ല.

وَمَن يُشَاقِقِ الرَّسُولَ مِن بَعْدِ مَا تَبَيَّنَ لَهُ الْهُدَىٰ وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّىٰ وَنُصْلِهِ جَهَنَّمَ ۖ ﴿نساء : ١١٥﴾

وَمَنْ سَلَكَ غَيْرَ طَرِيقِ الشَّرِيعَةِ الَّتِي جَاءَ بِهَا الرَّسُولُ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، فَصَارَ فِي شِقٍّ وَالشَّرْعُ فِي شِقٍّ (ابن كثير)

➢ വിവാഹം എന്ന സുന്നത്തിനെ ഒഴിവാക്കുന്നതുപോലെ തന്നെ വിവാഹത്തിലെ സുന്നത്തുക്കളെ ഒഴിവാക്കുന്നതും ശരിയല്ല. അത് റഹ്മത്തിനെ നഷ്ടപ്പെടുത്തും.

വിവാഹത്തിലൂടെ മക്കളുടെ നല്ല ഭാവിയാണ് ഏതൊരാളും ആഗ്രഹിക്കുന്നത്. മറിച്ച് സംഭവിക്കാൻ ആരും ആഗ്രഹിക്കില്ല. അത് നമ്മെ വല്ലാതെ തകർത്തുകളയും.

ഈ ലക്ഷ്യം നേടാൻ വിവാഹത്തിലും അതിന്റെ ചടങ്ങുകളിലും അല്ലാഹുവിന്റെ ഇഷ്ടം, പൊരുത്തം ഉണ്ടാകണം. അതിനുള്ള വഴി വിവാഹം നബി(സ) യുടെ സുന്നത്തു പ്രകാരം നടത്തലാണ്.

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَاللَّهُ غَفُورٌ رَّحِيمٌ ﴿آل عمران: ٣١﴾

വിവാഹചടങ്ങുകൾ സുന്നത്തിന് വിപരീതമാകുന്നത് വലിയ അപകടമാണ്.

قال مالك: السُّنَّةُ سَفِينَةُ نُوحٍ مَنْ رَكِبَهَا نَجَا وَمَنْ تَخَلَّفَ عَنْهَا غَرَقَ

ഇന്ന് കുടുംബ ജീവിതത്തിൽ അനേകം പ്രശനങ്ങൾ ഉണ്ടാകുന്നു. ബന്ധങ്ങൾ വഷളാകുന്നു. ബർക്കത്ത് നഷ്ടപ്പെടുന്നു. അറിഞ്ഞു കൊണ്ട് തിരുസുന്നത്തുകളെ അവഗണിക്കുന്നതിന്റെ ദുരന്തമാണിതെല്ലാം.

➢ നബി(സ) കൽപ്പിച്ച ചില പ്രധാന കാര്യങ്ങൾ പരിചയപ്പെടാം.

عَنْ عَائِشَةَ قَالَتْ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَعْلِنُوا هَذَا النِّكَاحَ وَاجْعَلُوهُ فِي الْمَسَاجِدِ وَاضْرِبُوا عَلَيْهِ بِالدُّفُوفِ (ترمذي)

നിക്കാഹ് പള്ളിയിൽ ആകണം. ഒന്ന്: പള്ളിയുടെ ബർക്കത്ത് ലഭിക്കും. രണ്ട്: മറ്റ് സ്ഥലങ്ങളിലുള്ള തിന്മകൾ ഒഴിവാകും

ഇന്ന് വിവാഹത്തെ ആരാധാനലായത്തിൽ നിന്ന് ഒഴിവാക്കിയത് മുസ്ലിംകൾ മാത്രമാണ്. എല്ലാ മതസ്ഥരും അവരവരുടെ ആരാധാനലായങ്ങളിൽ വെച്ച് വിവാഹം നടത്തുന്നു. അല്ലാഹുവിന്റെ റഹ്മത്ത് ഒരിക്കലും ലഭിക്കാത്ത തിന്മകളുടെ നടുവിൽ നിന്ന് നിക്കാഹിനെ പള്ളിയിലേക്ക് മാറ്റുക. സമൂഹത്തിൽ വിലയും നിലയുമുള്ളവർ മുൻകൈ എടുക്കണം.

വിവാഹം സന്തോഷത്തിന്റെ ദിവസമായതുകൊണ്ട് ദഫ് അനുവദിച്ചു. എന്നാൽ ഇന്ന് ഹറാമുകൾ മാത്രമുള്ള അനേകം ചടങ്ങുകൾ നടത്തുന്നു.

➢ വിവാഹ ചടങ്ങുകളിലെ ധൂർത്ത് ഒഴിവാക്കേണ്ടതാണ്.

يَا بَنِي آدَمَ خُذُوا زِينَتَكُمْ عِنْدَ كُلِّ مَسْجِدٍ وَكُلُوا وَاشْرَبُوا وَلَا تُسْرِفُوا ۚ إِنَّهُ لَا يُحِبُّ الْمُسْرِفِينَ ﴿أعراف: ٣١﴾

ഇന്ന് ഭക്ഷണം വേസ്റ്റാക്കുന്നു. ആഡംബരങ്ങൾക്കായി ധൂർത്തടിക്കുന്നു. ഇത് രണ്ട് കാരണങ്ങളാലും സൂക്ഷിക്കേണ്ടതാണ്. ഒന്ന്: സാമ്പത്തിക പ്രതിസന്ധി. കടം പെരുകുന്നു. രണ്ട്: മതപരമായ വിലക്ക്.

وَأَنَّ الْمُسْرِفِينَ هُمْ أَصْحَابُ النَّارِ ﴿غافر: ٤٣﴾

إِنَّ الْمُبَذِّرِينَ كَانُوا إِخْوَانَ الشَّيَاطِينِ ۖ وَكَانَ الشَّيْطَانُ لِرَبِّهِ كَفُورًا ﴿إسراء: ٢٧﴾

ഇവ സൂക്ഷിച്ച് മാതൃകാ വിവാഹങ്ങൾക്ക് മുന്നോട്ടു വരിക. അതാണ് പ്രവാചകചര്യ.